## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1230 — 12.07.2011 ൽ മറുപടിക്ക്

### കാലാവസ്ഥാ പഠനകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കാലാവസ്ഥാ വ്യതിയാനങ്ങളെ സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിനായുള്ള കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് സംസ്ഥാനം നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങളെപ്പറ്റി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ പ്രാഥമിക കരട് രൂപരേഖ കേന്ദ്ര സർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത രേഖയിൽ ഇതു സംബന്ധിച്ച പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനായി ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ ഒരു സ്ഥാപനം തുടങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്ത് പ്രസ്തുത കേന്ദ്രം എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ